**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================

ധനകാര്യ (വ്യയം-സി) വകുപ്പ്

സ.ഉ (അച്ചടി) നം. 56/2017/ധന തിരുവനന്തപുരം, തീയതി, 28/04/2017

==========================================

പരാമർശം: 1) സ.ഉ. (പി) നം. 28/2016/ധന തീയതി 26/02/2016
2) സ.ഉ. (പി) നം. 136/2016/ധന തീയതി 07/09/2016
3) സ.ഉ. (പി) നം. 181/2016/ധന തീയതി 15/12/2016
4) സ.ഉ. (പി) നം. 32/2017/ധന തീയതി 08/03/2017

**ഉത്തരവ്**

സൂചന (1) ഉത്തരവ് പ്രകാരം സർക്കാർ വകുപ്പുകൾ, ഗ്രാൻറ് ഇൻ എയിഡ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ അടിയന്തിര ഘട്ടങ്ങളിൽ മാത്രം ദിവസ/കരാർ വേതന അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാനും ടി ജീവനക്കാരുടെ വേതനം സംബന്ധിച്ചും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സൂചന 2, 3, 4 ഉത്തരവ് പ്രകാരം കൂടുതൽ വിഭാഗങ്ങൾക്ക് ദിവസ/കരാർ വേതനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന (1) ഉത്തരവിൽ 01/04/2016 പ്രാബല്യത്തിൽ അനുവദിച്ച വേതനം എല്ലാ വർഷവും ഏപ്രിൽ മാസം, സർക്കാരിനു അനിവാര്യമാണെന്ന് തോന്നുന്ന പക്ഷം, മാറുന്ന വിലസൂചികയ്ക്കു അനുസരിച്ച് പുതുക്കി നിശ്ചയിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് നൽകുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് പുറമെ, താഴെ പ്രതിപാദിക്കുന്ന വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം പുതുക്കി നിർണ്ണയിച്ച് ഉത്തരവാകുന്നു.

i) 26/02/2016 ലെ സ.ഉ (പി) 28/2016/ധന ഉത്തരവിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കപ്പെടുന്നു എന്നതിനു വിധേയമായി മാത്രം പുതുക്കിയ വേതനം അനുവദിയ്ക്കാവുന്നതാണ്.

ii) കരാർ അടിസ്ഥാനത്തിലുള്ള നിയമനം ഒരു വർഷത്തേയ്ക്കു മാത്രം പരിമിതപ്പെടുത്താവുന്നതും വകുപ്പ് മേധാവിയ്ക്കു ബോധ്യപ്പെടുന്ന പക്ഷം ഒരു വർഷത്തേയ്ക്കു കൂടി സേവനം ദീർഘിപ്പിച്ച് നൽകാവുന്നതുമാണ്. രണ്ട് വർഷം കാലാവധിയ്ക്കു ശേഷം ആവശ്യകതയുടെ അടിസ്ഥാനത്തിൽ, സർക്കാർ അനുമതിയോടെ മാത്രമേ കരാർ പുതുക്കാവൂ.